പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3451. | 09.04.2013 -ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>,,പി.എ.മാധവൻ<br>,, വർക്കല കഹാർ<br>,, വി.ഡി.സതീശൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമതാ വർദ്ധനവ് ലക്ഷ്യമാക്കി, സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കി ഇതോടൊപ്പം തന്നെ, സേവന പ്രദാനം കാര്യക്ഷമമാക്കുന്നതിനായി, പ്രത്യേക പരിശീലന പരിപാടികൾ, സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റുമായി (ഐ.എം.ജി) സഹകരിച്ചുകൊണ്ട്, ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി)<br>1. സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യവുമാക്കൽ.<br>2. ജനസൗഹാർദ്ദപരമായ സേവന പ്രദാനം.<br>3. സേവനപ്രദാനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ ലഘൂകരണം.<br>4. പൊതുജനങ്ങളോടുള്ള സമീപനം കൂടുതൽ സൗഹാർദ്ദപരമാക്കുന്നതിനുള്ള പരിശീലനം<br>5. ജീവനക്കാർക്കിടയിൽ, വിവരസാങ്കേതിക വിദ്യയിലെ അറിവിന്റെ അന്തരം കുറച്ച് കൊണ്ട് വരൽ. |
| സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; | സി) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു. |

........2

| | | | |
|---|---|---|---|
| ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ? | ഡി) | കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പരിപാടികൾ ചുവടെ വിവരിക്കുന്നു. |

1. സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനം ഇന്റർനെറ്റ് അധിഷ്ഠിതമാക്കുന്നതിന് തുടക്കം കുറിച്ചു.
2. കേരളത്തിലെ ആധാര രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃതമായി സൂക്ഷിക്കുന്ന ഓൺലൈൻ പദ്ധതിക്ക് തുടക്കം കുറിച്ചു.
3. ആധാരപ്പകർപ്പുകളുമായി ബന്ധപ്പെട്ട സേവനപ്രദാനം സുഗമമാക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ വാല്യങ്ങൾ സ്കാൻ ചെയ്ത് ആധാരപ്പകർപ്പുകൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.
4. രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾ സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി, വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിന്റെ പരിഷ്കരണ പരിപാടികൾ ഏറ്റെടുത്തു.
5. കേരളത്തിലെ ഭൂമിയുടെ ന്യായവില അറിയുന്നതിനായി, www.igr.kerala.gov.in എന്ന വെബ് സൈറ്റിന് രൂപം നല്കി.
6. സേവനാവകാശനിയമപ്രകാരം സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്ന് നൽകേണ്ട സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചു നല്കി.
7. രജിസ്ട്രേഷൻ സംബന്ധമായ നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ച് സമഗ്രമായ പരിശീലന പരിപാടികൾക്ക് തുടക്കം കുറിച്ചു.
8. സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ